**Week-4**




# നിങ്ങൾ ഭൂമിയുടെ ഉപ്പോ?

വളരെ ചെറിയ പ്രായത്തിൽ തന്നെ അസ്ഥിരോഗ ബാധിതയായ സ്ത്രീയാണ് ഹന്ന, കാൽപ്പാദങ്ങൾ മുറിച്ച് മാറ്റപ്പെട്ടപ്പോഴുണ്ടായ മാനസികവും, ശാരീരികവുമായ വേദനയിലും തന്റെ നാവിനാൽ സ്തുതി ഉയർത്തുവാനും, സന്തോഷമുള്ള വാക്കുകൾ മറ്റുള്ളവരോട് പറയുവാനും അവൾക്ക് കഴിഞ്ഞു. ഉപ്പിനാൽ രുചി വരുത്തിയ അവളുടെ സംസാരം ഒരു 'POSITIVE ENERGY' യാണ് മറ്റുള്ളവർക്ക് നൽകിയത്. അവളുടെ കിടക്കയെ 'നന്ദി പറയുന്ന സ്ഥലം' എന്നാണു ആളുകൾ വിളിച്ചിരുന്നത്. സുവിശേഷ വേലക്കാർക്കുവേണ്ടി, രോഗികൾക്കു വേണ്ടി അവൾ നിരന്തരം പേര് എഴുതി വച്ച് പ്രാർത്ഥിച്ചിരുന്നു. ആ സാഹചര്യത്തിലും വർഷത്തിലൊരിക്കൽ ഒരെഴുത്തെങ്കിലും അവർക്ക് എഴുതിയിരുന്നു, ഉപ്പുരസം തരുന്ന ഘടകം (savor) ഇല്ലെങ്കിൽ, ഉപ്പ് നിലത്തിനും, വളത്തിനും കൊള്ളുന്നതല്ല.

എന്നാൽ ഹന്ന തന്റെ കഷ്ടതയിലും 'നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു'എന്ന വചനം സ്വീകരിച്ചവളായിരിപ്പാൻ ദൈവം കൃപ ചെയ്തു.

നാം ഭൂമിയുടെ ഉപ്പാണെന്ന് മത്താ:(5:13)ൽ കാണാം. ഭൂമിയ്ക്ക് ഉപ്പു കൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാമാണ്? (1) കൃഷി ഭൂമിയിലെ കീടങ്ങളെ നശിപ്പിക്കുന്നു. (2) വളമായിട്ട് ഉപയോഗിക്കുന്നു. (3) മണ്ണിനു ദോഷം ചെയ്യുന്ന രാസവസ്തുക്കളെ ദുരികരിക്കുന്നു. (4) ഭൂമിയിലെ ഉറവകൾ ശുദ്ധീകരിക്കുന്നു. (5) ഭൗമീകന്റെ ആഹാരക്രമത്തിൽ ഉപ്പ് ഒരു പ്രധാനഘടകമാണ്. ലവണാംശം കുറയുമ്പോൾ മനുഷ്യർക്ക് ക്ഷീണവും തളർച്ചയും ഉണ്ടാകുന്നു. " If the salt loses its saltiness, how can it be made salty again" (N.I.V.B). അതായത് ഉപ്പുരസം നഷ്ടമായാൽ ഭൗമീകനും ഭൂമിക്കും പ്രയോജനമില്ലാത്ത വസ്തു പുറത്തു കളഞ്ഞിട്ട് മനുഷ്യൻ ചവിട്ടുവാൻ അല്ലാതെ മറ്റൊന്നിനും പിന്നെ കൊള്ളുന്നതല്ല. നാം ഉപ്പിന്റെ പ്ര.യോജനം മറ്റുള്ളവർക്ക് നൽക്കുന്നവരാകണം എന്ന് ദൈവം ആഗ്രഹിക്കുന്നു. പരിശുദ്ധാത്മാവ് നമ്മിൽ ഉണ്ടെങ്കിൽ മാത്രമേ പാപരോഗത്തിന്റെ അയയാത്ത പിടിയിൽ നിന്നും, നമ്മെയും മറ്റുള്ളവരെയും രക്ഷിപ്പാൻ കഴിയുകയുള്ളു. ഈ അംശം നമ്മുടെ ഉള്ളിൽ വരണമെങ്കിൽ നാം നാവിനാൽ സ്തുതിസ്തോത്രങ്ങളർപ്പിക്കണം. " I recite my verses for the king, my tongue is the pen of a skillful writer" (psalm 45:1) എന്നും നമുക്ക് പറയുവാൻ കഴിയണമെങ്കിൽ നാം എല്ലാക്കാലത്തും (സുഖകാലത്തിലും, ദു:ഖനേരത്തിലും) യഹോവയെ വാഴ്ത്തി സ്തുതിക്കണം. ഉപ്പ് ഒന്നിനോടും ചേർക്കാതെ പാത്രം വച്ചിരുന്നാൽ ഭക്ഷണസാധനങ്ങൾക്ക് ഉപ്പ് ചേരുമ്പോഴുള്ള രുചി ലഭിക്കുന്നില്ല. അതുപോലെ ഉപ്പ് ഭൂമിയിൽ ലയിച്ചു ചേർന്നെങ്കിലേ മണ്ണിന് അതിന്റെ പ്രയോജനം ഉണ്ടാകുന്നുള്ളു.

ഭൂമിയുടെ ഉപ്പാകുന്ന നാം വേറിട്ടിരുന്നാൽ ഉപ്പിന്റെ പ്രയോജനം മറ്റുള്ളവരിലേക്ക് പകരുവാൻ നമുക്കു കഴിയുകയില്ല. പരി

ശുദ്ധാത്മനിറവുള്ളവരായി, സ്തുതി ഉയർത്തുന്നവരായി സുവിശേഷം മറ്റുള്ളവരിലേക്ക് എത്തിക്കുന്നവരായി തീരുവാൻ ദൈവം കൃപചെയ്യട്ടെ. വിശ്വാസിയും , സഭയും സമൂഹത്തിലെ ദുഷിപ്പിനെതിരെ ദൈവീക മാതൃക ഉള്ളവരായിരിക്കണം. ശീതോഷ്ണസ്ഥിതിയിലുള്ള സഭ പരിശുദ്ധാത്മാവിന്റെ ശക്തിയെ കെടുത്തുന്നു. ഇങ്ങനെയുള്ള സഭയ്ക്ക്, വ്യക്തികൾക്ക് , ലോകശക്തികളോട് എതിർത്തുനില്പാൻ കഴിയാതെ മനുഷ്യർ കാൽകൊണ്ട് ചവിട്ടികളയുവാൻ ഇടയാകും. അപ്രകാരം സംഭവിക്കാതെ ഭൂമിയുടെ ഉപ്പായിരിപ്പാനുള്ള ഭാഗ്യം ലഭിപ്പാൻ നമ്മുടെ നാവിൽ നമുക്ക് സ്തോത്രം പാടാം. അവന്റെ അത്ഭുതങ്ങളെ മറ്റുള്ളവരുടെ കാതുകളിലെത്തിക്കുന്ന നാവുകൾ ഉള്ളവരാകുവാനും ദൈവം കൃപചെയ്യട്ടെ

## പ്രാർത്ഥന

സ്തുതിയാണ് ദൈവത്തോടുള്ള നന്ദിയുടെ നാന്ദി എന്ന് വചനത്തിൽക്കൂടി ഞങ്ങളെ പഠിപ്പിച്ച ദൈവമേ ! സ്തുതിക്കുന്നവന്റെ ഉള്ളിൽ തരുന്ന കൃപാവരങ്ങൾക്കായി സ്തോത്രം. ആത്മനിറവുള്ളവരായി ഉപ്പിന്റെ പ്രയോജനം ഭൂമിയ്ക്കും ഭൗമീകർക്കും നൽകുവാൻ ഞങ്ങളെ സഹായിക്കേണമേ

ആമേൻ

**Santhamma Varghese**

Website: www.biblestudy.co.in

Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind